**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **01-02-2024 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കിഴക്കമ്പലം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുള്ളതും, 03/02/2024-ാം തീയതി ഉദ്ഘാടനം നിശ്ചയിച്ചിട്ടുള്ളതുമാണ്. കൂടാതെ, പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തി വരുന്ന കുന്നത്തുനാട് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലുമാണ്. പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെയും ഉദ്ഘാടനം 03/02/2024-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതാണ്.<br><br>കിഴക്കമ്പലം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ 44 ലക്ഷം രൂപയിൽ നിലവിൽ 22,53,998/- രൂപ പാസാക്കിയിട്ടുള്ളതാണ്. കുന്നത്തുനാട് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിന് 44,00,000/- രൂപ വർക്ക് ഡെപ്പോസിറ്റ് പ്രകാരം കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | എ പിരിവിനുള്ള മറുപടി |
| (സി) | ഇതിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജുകളായി ഇതിനോടകം നവീകരിച്ചുവെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ? | (സി) | എ പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ